III ശ്രദ്ധ ക്ഷണിക്കൽ

മദ്ധ്യതിരുവിതാംകൂറിലെ വേലവിരുത്തി ഭൂമിയെ സംബന്ധിച്ച പ്രശ്നം

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബി.എം. ഷറീഫ് മദ്ധ്യതിരുവിതാംകൂറിലെ വേലവിരുത്തി ഭൂമിയെ സംബന്ധിച്ചിട്ടുള്ള ഒരു പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയാണ് മറുപടി നൽകേണ്ടത്. മറുപടി പറയുന്നതിനാവശ്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. അതുകൊണ്ട് അതിനെക്കുറിച്ച് ഇന്നു മറുപടി പറയുവാൻ കഴിയുകയില്ല. അടുത്ത ദിവസം ആവശ്യമായ വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്. അതിന് അങ്ങ് അനുവദിക്കണം.

മി. ഡെ.· സ്പീക്കർ: എന്നാൽ അടുത്തദിവസം മറുപടി പറഞ്ഞാൽ മതി. കാര്യോപദേശകസമിതി അംഗവും സഭാനേതാവുമായ ശ്രീ. പി.കെ. വാസുദേവൻ നായർ സമിതിയുടെ 13-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

IV റിപ്പോർട്ടു സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) ഗവൺമെൻറു നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. സി.എം. സുന്ദരം: ഗവൺമെൻറ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 1977-78-ലെ രണ്ടാമത്തെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. ഡെ. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V റിപ്പോർട്ടു പരിഗണന

കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെ. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly